(8) മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും വില വീണ്ടും വർദ്ധിപ്പിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നതായിട്ടുള്ള വാർത്തകൾ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ന് പ്രഖ്യാപനം ഉണ്ടാകുമെന്നാണ് കരുതിയിരുന്നത്. അങ്ങയുടെ പാർട്ടികൂടി വിവേകത്തോടുകൂടി പെരുമാറിയതുകൊണ്ട് ഏതായാലും ഒന്നര മാസക്കാലത്തേക്ക് അത് മാറ്റിവച്ചിരിക്കുന്നതായിട്ടുള്ള വിവരം ഇന്ന് പുറത്തുവന്നിട്ടുണ്ട്. ഏതായാലും നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുന്ന ഒരു നീക്കത്തിലേക്കാണ് കേന്ദ്ര ഗവൺമെന്റ് നീങ്ങുന്നത്. മണ്ണെണ്ണയുടെ വിലയാകട്ടെ ലിറ്ററിന് രണ്ടു രൂപാ അമ്പത്തൊമ്പതു പൈസയിൽ നിന്ന് നാലു രൂപ പന്ത്രണ്ട് പൈസയായി ഉയർത്താനാണ് ഇപ്പോൾ നിർദ്ദേശം ഉണ്ടായിരിക്കുന്നത്. പാചകവാതകത്തിനാകട്ടെ ഒരു സിലിണ്ടറിന് എൺപതു രൂപയുടെ വർദ്ധനവ് വരുത്താൻ വേണ്ടിയിട്ടാണ് അവർ ആലോചിക്കുന്നത്. ജനങ്ങളുടെ ജീവിതത്തെയാകെ തകർക്കുന്ന നിലയിലേക്കുള്ള കാര്യമാണ്. മണ്ണെണ്ണയുടെയും, ഡീസലിന്റെയും വിലകൾ തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ വേണ്ടിയിട്ടാണ് മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കാൻ പോകുന്നത് എന്ന ഏറ്റവും മോശപ്പെട്ട ന്യായമാണ് ബി.ജെ.പി. ഗവൺമെന്റ് പറയുന്നത്. ഇപ്പോൾ സഖ്യകക്ഷികളുടെ ഭാഗത്ത് നിന്നുകൂടി തെലുങ്കുദേശവും, തൃണമൂൽ കോൺഗ്രസും കൂടി പ്രതിപക്ഷത്തുനിന്നുകൊണ്ട് ശക്തിയായിട്ട് എതിർത്തു എന്നാണ് പറയുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഇന്ന് അത് പാർലമെന്റിൽ അവതരിപ്പിക്കാതെ പോയത് എന്നാണ് നമ്മൾ കരുതുന്നത്. രാജ്യത്ത് ജനങ്ങളുടെ സംഘടിതമായിട്ടുള്ള പ്രസ്ഥാനം ഉയർന്നുവന്നാൽ ഇത്തരം ജനവിരുദ്ധ നയങ്ങളെ നമുക്ക് എതിർത്ത് തോൽപ്പിക്കാൻ കഴിയുമെന്നാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റും, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുമെല്ലാം ഒറ്റക്കെട്ടായി നിന്ന് ഇതിനെ എതിർക്കുന്നതിനു വേണ്ടിയുള്ള നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. ഈ ആവശ്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അത് രഹസ്യമായ കാര്യമൊന്നുമല്ല. മിനിസ്റ്റേഴ്സ് കോൺഫറൻസിൽ പറഞ്ഞു. അതുകൂടാതെ പരസ്യമായിട്ടുതന്നെ കേന്ദ്രമന്ത്രി ദിവസവും ദിവസവും പറയുന്നുണ്ട്. അതിന് ലക്ഷ്യം പറഞ്ഞിട്ടുമുണ്ട്. ഡീസലിന്റെ വിലയോട് മണ്ണെണ്ണയുടെ വില ഏകീകരിക്കുക, മായം ചേർക്കൽ തടയാൻ എന്നാണ് കാരണം പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ കാര്യം ഡീസൽ വില ഇന്റർനാഷണൽ പ്രൈസിനോട് ബന്ധിക്കുക. ഇതു രണ്ടും കൂടി ഓടിയോടി എവിടെ ചെന്ന് അവസാനിക്കുമെന്ന് അറിഞ്ഞുകൂടാ. ഡീസലും, മണ്ണെണ്ണയുമൊക്കെ സാധാരണക്കാരന് അപ്രാപ്യമായി തീരും, ഇത് വാങ്ങിക്കാനൊക്കില്ല. ഭാരതത്തിൽ മണ്ണെണ്ണ വിളക്ക് കത്തിക്കുന്ന കോടാനുകോടി പാവപ്പെട്ട കുടുംബങ്ങളെ ഇരുട്ടിലാക്കുന്ന നയമാണിത്. ഞാൻ അത് വെറുതെ വികാരപരമായിട്ട് പറയുന്ന കാര്യമല്ല. ആ സത്യം നടക്കാൻ പോകുന്നു. മുമ്പ് പല വീടുകളിലും മണ്ണെണ്ണ വിളക്ക് കത്തിക്കാൻ ഒക്കാത്തത്ര സാമ്പത്തികമായ വിഷമം ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥിതിയിലേക്ക് പോകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇന്ന് പത്രത്തിൽ കണ്ട വാർത്ത ഘടക കക്ഷികളുടെ സമ്മർദ്ദം കൊണ്ട് അത് തൽക്കാലം ഒന്ന് മാറ്റിവച്ചിരിക്കുന്നു. അത് 15 ദിവസമാണോ, ഒന്നര മാസമാണോ എന്നറിയില്ല. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഏതുസമയത്തും ഇത് വരാം. പ്രസിഡന്റിനെക്കൊണ്ടുതന്നെ പറയിപ്പിച്ചിരിക്കുന്നത് കടുത്ത തീരുമാനങ്ങൾ വരുമെന്നാണ്. ഈ കടുത്ത ഭാരങ്ങളെല്ലാം സാധാരണക്കാരന്റെ തലയിൽ വയ്ക്കുക എന്നുള്ളതാണ് നയം. പിന്നെ ഗ്യാസിന്റെ കാര്യവും, ഡീസലിന്റെ കാര്യവുമുണ്ട്. ഇതൊക്കെ ഉണ്ടാക്കാൻ പോകുന്ന പ്രൈസ് ഇൻക്രീസ് എത്രവരുമെന്നുള്ളതൊന്നും പറയാനൊക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ വികാരത്തെക്കാൾ ശക്തമായ വികാരത്തിൽ തന്നെ കേന്ദ്ര ഗവൺമെന്റിന് ഞങ്ങൾ എഴുതിയിട്ടുണ്ട്. പറഞ്ഞിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്. ഇതൊക്കെയായാലും എന്ത് നടക്കുമെന്ന് ഉറപ്പ് പറയാനൊക്കില്ല.

(9) ചക്കിട്ടപാറ വില്ലേജിൽ 73-ഓളം കുടുംബങ്ങളെ ഒഴിപ്പിക്കാനുള്ള നടപടി

<u>ശ്രീമതി എൻ.കെ. രാധ</u> : സർ, ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട് പ്രദേശത്ത് കുളത്തൂർ എസ്റ്റേറ്റ് വക ഭൂമി വിലയ്ക്കെടുത്ത് 30 കൊല്ലത്തോളമായി വീടുവച്ച്, ദേഹണ്ഡിച്ച് താമസിക്കുന്ന 73-ഓളം കുടുംബങ്ങളെ കോടതി വിധിയിലൂടെ കുടിയൊഴിപ്പിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിരിക്കുകയാണ്. ഈ സ്ഥലം 30 വർഷത്തിനു മുമ്പ് കോടതി വിധിയിലൂടെ എസ്റ്റേറ്റ് ഉടമ ജോസഫിന് ഗവൺമെന്റ് പാട്ടത്തിന് കൊടുത്ത ഭൂമിയാണ്. ഈ കുടുംബങ്ങളിൽ പലർക്കും ഉടമയായ ഐപ് ജോസഫ് ആധാരം ചെയ്ത് കൊടുത്തിട്ടുള്ളതും സർക്കാരിലേക്ക് നികുതി അടച്ചുവരുന്നതുമാണ്. ഇവിടെ താമസിക്കുന്ന കുടുംബങ്ങളിൽ ഭൂരിപക്ഷവും പാവപ്പെട്ട കർഷക തൊഴിലാളികളാണ്. വളരെ കഷ്ടപ്പെട്ട് ഭൂമിയിൽ കഠിനാധ്വാനം നടത്തി കാർഷിക വിളകൾ വച്ചുപിടിപ്പിച്ച് ഫലഭൂയിഷ്ഠമാക്കിയിരിക്കുകയാണ്. ഈ ഭൂമിയിൽ നിന്നുള്ള വരുമാനമല്ലാതെ ഇവർക്ക് വേറെ യാതൊരു വരുമാനവുമില്ല. ഈ സാഹചര്യം കണക്കിലെടുത്ത് നിരപരാധികളായ പ്രസ്തുത കുടുംബങ്ങളെ വഴിയാധാരമാക്കുന്ന കുടിഒഴിപ്പിക്കൽ നടപടി നിർത്തിവച്ച് ഇവർക്ക് പട്ടയമോ, കൈവശരേഖയോ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : സർ, കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപാറ വില്ലേജിൽ 594,600 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 97.40 ഏക്കർ സർക്കാർ ഭൂമി ശ്രീ. പി.ഐ. ജോസഫ് എന്നയാളിന് 12 വർഷത്തെ പാട്ടത്തിന് നൽകിയതാണ്. പാട്ട വ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ ഈ ഭൂമി തിരികെയെടുക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. അതിനെതിരായിട്ട് കക്ഷി കേസ് ഫയൽ ചെയ്തു. ഈ കേസ് ഗവൺമെന്റിന് അനുകൂലമായി വിധിച്ചതിനെ തുടർന്ന് ഈ സ്ഥലം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായി. 55.33 ഏക്കർ ഭൂമിയാണ് ഗവൺമെന്റിന് ഏറ്റെടുക്കാൻ സാധിച്ചത്. ബാക്കി ഭൂമി മുഴുവൻ അതിന് മുമ്പുതന്നെ ഈ ജോസഫ് വിവിധ കക്ഷികൾക്ക് വിലയ്ക്ക് വിൽക്കുകയാണ് ഉണ്ടായത്. അങ്ങനെ ഏറ്റെടുക്കുന്ന സമയത്ത് 57 കൈവശക്കാരാണ് അവിടെ ഉണ്ടായിരുന്നത്. അവർ ഉൾപ്പെടുന്ന ആ പ്രദേശം ഒഴിച്ച് ബാക്കി സ്ഥലമാണ് ഗവൺമെന്റ് ഏറ്റെടുത്തത്. ഇപ്പോൾ 73-ഓളം കൈവശക്കാരുണ്ട് എന്നാണ് അറിയുന്നത്. കൈവശക്കാരെ മുഴുവൻ ഒഴിപ്പിച്ച് ആ സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഹൈക്കോടതി ഗവൺമെന്റിനോടും, കോഴിക്കോട് ജില്ലാ കളക്ടറോടും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരെ ഒഴിപ്പിക്കാൻ വേണ്ടി ശ്രമിച്ചു. ഒഴിപ്പിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. വളരെ ശക്തമായി കൈവശക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly